# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 സെപ്റ്റംബർ 26**

---

## ഓണേഴ്സ് ബിരുദം; ഭാഷാ വിഷയങ്ങളിൽ ഓൺലൈൻ കോഴ്സുകൾക്ക് എം.ജി സിൻഡിക്കേറ്റിന്റെ അംഗീകാരം

*ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഭാഗമായുള്ള ഭാഷാ വിഷയങ്ങൾക്ക് മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദേശം സിൻഡിക്കേറ്റ് യോഗം അംഗീകരിച്ചു. ആദ്യ ഘട്ടത്തിൽ ഫ്രഞ്ച്, ജർമൻ, തമിഴ് എന്നീ ഭാഷാ കോഴ്സുകൾ ആരംഭിക്കാവുന്നതാണെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം ശുപാർശ ചെയ്തു.*

*ആദ്യ രണ്ടു സെമസ്റ്ററുകളിലാണ് ഭാഷാ വിഷയങ്ങൾ പഠിക്കാൻ കഴിയുക. സംസ്ഥാനത്തെ ഏതു സർവകലാശാലയിൽനിന്നും കോളജിൽനിന്നുമുള്ള വിദ്യാർഥികൾക്ക് ചേരാൻ കഴിയുന്ന രീതിയിലായിരിക്കും ഈ കോഴ്സുകൾ ചിട്ടപ്പെടുത്തുക.*

*സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുമതിയോടെ ഉന്നത പഠനം നടത്തുന്നതിനുള്ള ദൂരപരിധി നിബന്ധനയിൽനിന്ന് ഓൺലൈൻ പ്രോഗ്രാമുകൾക്ക് ഇളവ് നൽകുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും സിൻഡിക്കേറ്റ് യോഗം ശുപാർശ ചെയ്തു. യുജിസി അംഗീകാരത്തോടെ സർവകലാശാല നിലവിൽ നടത്തുന്നതും ആരംഭിക്കാനിരിക്കുന്നതുമായ ഓൺലൈൻ പ്രോഗ്രാമുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ സർക്കാർ ജീവനക്കാർക്ക് അവസരമൊരുക്കുകയാണ് ലക്ഷ്യം.*

*സർവകലാശാലയുടെ നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ പട്ടികജാതി, പട്ടിക വർഗ, ഒബിസി, ന്യൂനപക്ഷ വിഭാഗങ്ങളിൽ പെടുന്ന വിദ്യാർഥികളുടെ ക്ഷേമത്തിനും ശാക്തീകരണത്തിനുമായി വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതിന് പ്രത്യേക സമിതിയെ ചുമതലപ്പെടുത്താനും യോഗം തീരുമാനിച്ചു.*

*ഈ വിഭാഗങ്ങളിൽപെട്ട വിദ്യാർഥികൾക്ക് പഠനത്തിന്റെ ഭാഗമായുള്ള സെമിനാറുകളിലും കോൺഫറൻസുകളിലും പങ്കെടുക്കുന്നതിനുള്ള സാമ്പത്തിക പിന്തുണ, സംസ്ഥാന, ദേശീയ, അന്താരാഷ്ട്ര തലങ്ങളിലെ മത്സര പരീക്ഷകളിലും കലാ-കായിക മത്സരങ്ങളിലും വിജയികളാകുന്നവർക്ക് ഫെലോഷിപ്പ് നൽകുക തുടങ്ങി വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായാണ് ഈ തുക ചിലവഴിക്കുക.*

(പി.ആർ.ഒ/39/863/2024)

## ഇന്ത്യയിലെ മതസ്വാതന്ത്ര്യത്തിന്റെ സ്ഥിതി; കൊളോക്കിയം ഒക്ടോബർ ഒന്നിന്

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ-യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷനും മാർ ക്രിസോസ്റ്റം ചെയറും സംയുക്തമായി ഇന്ത്യയിലെ മതസ്വാതന്ത്ര്യത്തിന്റെ സ്ഥിതി എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന സെമിനാർ ഒക്ടോബർ ഒന്നിന് നടക്കും.

മുംബൈ ആസ്ഥാനമായുള്ള സെൻറർ ഫോർ സ്റ്റഡി ഓഫ് സൊസൈറ്റി ആൻഡ് സെക്കുലറിസവുമായി(സി.എസ്.എസ്.എസ്) സഹകരിച്ചു നടത്തുന്ന പരിപാടി കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ കോൺഫറൻസ് ഹാളിൽ രാവിലെ 10.30ന് വൈസ് ചാൻസലർ ഡോ.സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും.

മുൻ മന്ത്രി എം.എ.ബേബി മുഖ്യപ്രഭാഷണം നടത്തും. ദേശീയ ന്യൂനപക്ഷ കമ്മീഷൻ മുൻ അംഗം ഡോ.വൽസൺ തമ്പു, ദ ടെലഗ്രാഫ് ദിനപ്പത്രത്തിന്റെ എഡിറ്റർ-അറ്റ്-ലാർജ്, ശ്രീ ആർ. രാജഗോപാൽ എന്നിവർ ചർച്ചയിൽ പങ്കെടുക്കും. സി.എസ്.എസ്.എസ് ഡയറക്ടർ ഇർഫാൻ എൻജിനീയർ അധ്യക്ഷത വഹിക്കും.

ഇന്ത്യയിലെ മത, വിശ്വാസ സ്വാതന്ത്ര്യങ്ങളുടെ സ്ഥിതി സംബന്ധിച്ച സി.എസ്.എസ്.എസ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് കൊളോക്കിയം സംഘടിപ്പിച്ചിരിക്കുന്നത്.

(പി.ആർ.ഒ/39/864/2024)

## പരീക്ഷാഫലം

ആറാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബികോം എൽഎൽബി (ഓണേഴ്സ് 2020 അഡ്മിഷൻ റെഗുലർ, 2018, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി), പഞ്ചവത്സര ഡബിൾ ഡിഗ്രി ബികോം എൽഎൽബി (ഓണേഴ്സ് (2016,2017 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, ഏപ്രിൽ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ പത്തു വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ studentportal.mgu.ac.in എന്ന ലിങ്കിൽ.

..................

മൂന്നാം സെമസ്റ്റർ എംഎസ്സി പിജിസിഎസ്എസ് (2018 അഡ്മിഷൻ സപ്ലിമെന്ററി, 2015 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ജനുവരി 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 11 വരെ സമർപ്പിക്കാം.

..................

ആറാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിഎ എൽഎൽബി (2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2012, 2013 അഡ്മി

*ഷനുകൾ ആവസാന മെഴ്സി ചാൻസ് ഏപ്രിൽ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ പത്ത് വരെ സമർപ്പിക്കാം.*

*(പി.ആർ.ഒ/39/865/2024)*

## വൈവ വോസി

*ഒന്നാം സെമസ്റ്റർ എൽഎൽഎം (2023 അഡ്മിഷൻ റെഗുലർ, 2021,2022 അഡ്മിഷനുകൾ സപ്ലിമെന്ററി മെയ് 2024) പരീക്ഷയുടെ ടീച്ചിംഗ് പ്രാക്ടീസ് ആന്റ് വൈവാ വോസി പരീക്ഷകൾ ഒക്ടോബർ അഞ്ചു മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

...................

*മൂന്നും നാലും സെമസ്റ്റർ എംഎ സിറിയക്ക് (സിഎസ്എസ് 2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ വൈവാ വോസി പരീക്ഷകൾ ഒക്ടോബർ മൂന്നു മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.*
*(പി.ആർ.ഒ/39/866/2024)*

## സീനിയർ സോഫ്റ്റ് വെയർ ഡെവലപ്പർ

*മഹാത്മാഗാന്ധി സർവകലാശാലയിൽ താൽകാലിക കരാർ അടിസ്ഥാനത്തിൽ സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പറെ നിയമിക്കുന്നു. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. ഫോൺ-0481-2733541*
*(പി.ആർ.ഒ/39/867/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**